**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- അന്യത്രസേവനത്തിൽ നിന്നും വിടുതൽ ചെയ്ത ഡോ. പോൾ ജോർജ്ജിന് റേഡിയോതെറാപ്പി/ റേഡിയോ ഡയഗ്നോസിസ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പുന: പ്രവേശിപ്പിക്കുന്നതിനുള്ള നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം. എഫ് 6/461/2020/മെ.വി.വ തീയതി 22.07.2022
2. നം. 1777/എ1/2021/സി.സി.ആർ.സി തീയതി 30.07.2022
3. മേലെഴുത്ത് നം. ഇഎ6- 43803/22/ആ.വ.ഡ തീയതി 04.08.2022

**ഉത്തരവ് നം. ഇ.എ1- 50903/2022/ആ.വ.ഡ തീയതി 06.08.2022**

റേഡിയോതെറാപ്പി/ റേഡിയോ ഡയഗ്നോസിസ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ആരോഗ്യവകുപ്പിൽ ജോലി ചെയ്തു വരവെ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച ഡോ. പോൾ ജോർജ്ജിന് പരാമർശം (1) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ചതിനാൽ ടിയാനെ പരാമർശം(2) പ്രകാരം അന്യത്രസേവനത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതും, പരാമർശം (3) പ്രകാരം ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു.

മേൽ സാഹചര്യത്തിൽ ഡോ. പോൾ ജോർജ്ജിനെ **വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (റേഡിയോതെറാപ്പി/ റേഡിയോ ഡയഗ്നോസിസ്)** തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. പോൾ ജോർജ്ജിനെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിനു വേണ്ട നടപടി **വയനാട്** ജില്ലാ മെഡിക്കൽ ആഫീസർ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവിയ്ക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. പ്രീത.പി.പി**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. പോൾ ജോർജ്ജ്, ജൂനിയർ കൺസൾട്ടന്റ്
(റേഡിയോതെറാപ്പി/ റേഡിയോ ഡയഗ്നോസിസ്)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), വയനാട്
4. ഡയറക്ടർ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ
5. സൂപ്രണ്ട്, ജില്ലാ ആശുപത്രി മാനന്തവാടി, വയനാട്
6. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

214787
GOVERNMENT OF KERALA